(സി, ഡി) പദ്ധതിയെപ്പറ്റി ഫീസിബിലിറ്റി സ്റ്റഡി നടത്തുവാൻ നാറ്റ്പാക്ക്/ആർ. ഇ.സി. കോഴിക്കോട് എന്നിവരോട് നിർദ്ദേശിക്കുകയും, നാറ്റ്പാക്ക് ഒരു പ്രാഥമിക പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. വിശദമായ പഠനം നടത്താൻ 2.30 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് നാറ്റ്പാർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം നൽകുന്ന കാര്യം പരിശോധനയിലാണ്.

(ഇ) വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള 150 സെന്റ് സ്ഥലമുൾപ്പെടെ ർണ്ട് ഏക്കർ സ്ഥലം അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

ഡാണപ്പടി-കാർത്തികപ്പള്ളി തോടിന്റെ സംരക്ഷണം

12 [5367] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ഡാണപ്പടി-കാർത്തികപ്പള്ളി തോടിന്റെ കരകളുടെ സംരക്ഷണത്തിനും ആഴം കൂട്ടുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംരക്ഷണ ഭിത്തിയുടെ നിർമ്മാണം നിലവിൽ എത്ര മീറ്റർ പൂർത്തിയായിട്ടുണ്ട്;

(സി) പ്രസ്തുത തോടിന്റെ ഏതൊക്കെ ഭാഗങ്ങളിലാണ് ഇനി സംരക്ഷണഭിത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്; ഈ പ്രവൃത്തികൾ സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലെത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിലെ ഡാണപ്പടി-കാർത്തികപ്പള്ളി തോടിന്റെ കരകളുടെ സംരക്ഷണത്തിനും ആഴം കൂട്ടുന്നതിനുമായി ഇപ്പോൾ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

(ബി) തോടിന്റെ കരകളുടെ കുറച്ച് ഭാഗങ്ങൾ പി.ഡബ്ല്യു.ഡി. സംരക്ഷണ ഭിത്തി കെട്ടിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കി ഭാഗങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആക്കുളം കായലിന്റെ ശുദ്ധീകരണം

13 [5368] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായലിന്റെ ആഴവും സൗന്ദര്യവും വീണ്ടെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ തയ്യാറാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ആക്കുളം കായലിന്റെ ആഴം വർദ്ധിപ്പിക്കാനുള്ള പദ്ധതിയിൽ വെൺപാലവട്ടം പാലം മുതൽ കുഴിവിള റോഡുവരെയും ഒരുവാതിൽ കോട്ട മുതൽ ആക്കുളം വരെയുള്ള മുഴുവൻ കായൽ പ്രദേശങ്ങളും ഉൾപ്പെടുത്തുവാൻ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പാർവ്വതി പുത്തനാർ, ഉള്ളൂർ, ആമയിഴഞ്ചാൻത്തോട് എന്നിവ വഴി ആക്കുളം കായലിലേയ്ക്ക് സ്വീവേജ് മാലിന്യം കലക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കായൽ പരിസരത്തെ അനധികൃത കയ്യേറ്റങ്ങൾ തടയുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആക്കുളം കായലിന്റെ സൗന്ദര്യം വീണ്ടെടുക്കുവാൻ ജലവിഭവ വകുപ്പ്, ടൂറിസം വകുപ്പുമായി ചേർന്ന് രണ്ട് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്:

1. ആക്കുളം മുതൽ വേളിവരെ കായലിന്റെ തെക്കുഭാഗത്ത് ഒരു നടപ്പാത നിർമ്മിക്കൽ
2. ആക്കുളം കായലിൽ ആക്കുളത്ത് ഒരു ദ്വീപ് നിർമ്മിക്കുക, കായലിന്റെ ആഴം കൂട്ടുക.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(സി) ആക്കുളം കായലിലേക്ക് സ്വീവേജ് മാലിന്യം കലരുന്നത് തടയുവാനുള്ള പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ഡി) കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തടയുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

എല്ലാവർക്കും ശുദ്ധജലം എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

14 [5371] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ എന്തെല്ലാം നൂതന നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) എന്നത്തേക്ക് ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ പണി നടന്നുകൊണ്ടിരിക്കുന്ന 121 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെയും (ഇതിൽ 32 എണ്ണം സംസ്ഥാന ഫണ്ട് ഉപയോഗിച്ച്) 4 ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതികളുടെയും 90% കേന്ദ്ര സഹായത്തോടെയും 10% ഉപഭോക്തൃ വിഹിതത്തോടെയും നടപ്പിലാക്കിവരുന്ന 112 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളുടെയും എൻ.സി./പി.സി. വാർഡുകളിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള 434 പദ്ധതികളുടെയും, 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡും ഉപയോഗപ്പെടുത്തി ഇപ്പോൾ പണികൾ നടന്നുവരുന്ന 18 പദ്ധതികളുടെയും പി.എം.ജി.വൈ.-യിൽ ഉൾപ്പെട്ട 287 പദ്ധതികളുടെയും 'വർഷ' പദ്ധതിയിൽ ഉൾപ്പെടുത്തി 90% കേന്ദ്ര സഹായത്തോടെയും 10% ഉപഭോക്തൃ വിഹിതത്തോടെയും നടപ്പിലാക്കിവരുന്ന 453 യൂണിറ്റുകളുടെയും, ഗ്രാമങ്ങളിലും നഗരങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി, എൽ.ഐ.സി.-യുടെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന 113 പദ്ധതികളുടെയും ടെക്നോളജി മിഷന്റെ കീഴിൽ നടപ്പിലാക്കിവരുന്ന 10 പദ്ധതികളുടെയും ഹഡ്കോയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 2 പദ്ധതികളുടെയും

LIBRARY ARCHIVES Kerala Legislative Assembly